# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3443 — 14/03/2017-ൽ മറുപടിക്ക്

## മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>,, സി.എഫ്.തോമസ്<br>,, മോൻസ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ ഏതു വിധത്തിലാണ് നടത്തുന്നത്; | (എ) | നിലവിലെ നിയമനങ്ങൾ ഡെപ്യൂട്ടേഷൻ വഴിയും, എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന കോൺട്രാക്ട് അടിസ്ഥാനത്തിലും ആണ് നടത്തുന്നത്. |
| (ബി) | മലിനീകരണ നിയന്ത്രണ ബോർഡ് നിയമനങ്ങൾ പി.എസ്.സി.മുഖേന നടത്തുന്നത് പരിഗണനയിലുണ്ടോ; അതിനായുള്ള സ്പെഷ്യൽ റൂൾ ഭേദഗതി നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുമോ; | (ബി) | ഉണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. ബോർഡിന്റെ സ്പെഷ്യൽ റൂൾസ് സംബന്ധിച്ച ഫയൽ പരിശോധിച്ചുവരികയാണ്. |
| (സി) | ഡെപ്യൂട്ടേഷനിലുള്ളവരെ തിരിച്ചു വിട്ട് താൽകാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നിർദേശം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (സി) യും (ഡി) യും (ഇ) യും | നിലവിൽ 40 പേർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നുണ്ട്. എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നവർക്ക് ധനവകുപ്പിന്റെ ഉത്തരവ് പ്രകാരമുള്ള ശമ്പളം നൽകിയാൽ മതിയാകും. ഇപ്രകാരം നിയമനം നടത്തുന്ന മുറയ്ക്ക് ഡെപ്യൂട്ടേഷൻ |
| (ഡി) | താൽക്കാലിക നിയമനം നടത്തുമ്പോൾ ഇപ്പോൾ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്ന എത്ര പേർക്ക് മാതൃവകുപ്പുകളിലേക്കു | | |

| | | | |
|---|---|---|---|
| | തിരികെ പോകേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | | അവസാനിപ്പിക്കാൻ കഴിയും. പി.എസ്.സി. വഴിയുള്ള നിയമനത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |
| (ഇ) | താൽക്കാലിക ജീവനക്കാർക്കും സ്ഥിരം ജീവനക്കാരുടെ വേതനം നൽകണമെന്ന ധനവകുപ്പ് ഉത്തരവ് നിലനിൽക്കെ ഡെപ്യൂട്ടേഷനിലുള്ളവരെ തിരിച്ചുവിട്ട് താൽക്കാലിക നിയമനം നടത്തുന്നതിൽ എന്തു ലാഭമാണ് ബോർഡിനുണ്ടാകുക എന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ